"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കുന്നതിനും ബിൽ പ്രകാരമുള്ള തുക ഒടുക്കുന്നതിനും സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.70/2024/ITD തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:- 1) 02-09-2023, 07-10-2023 തീയതികളിലെ ഐ.ടി.-ബി1/121/2023-ഐ.ടി.ഡി. നമ്പർ പരിപത്രങ്ങൾ.

2) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറിയുടെ 13-02-2024-ലെ ഐ.ടി.-ബി1/121/2023-ഐ.ടി.ഡി. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

3) കെ-ഫോൺ മാനേജിങ് ഡയറക്ടറുടെ 15-03-2024-ലെ 01/KFON/2024/456 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തടസ്സരഹിതവും വേഗതയുള്ളതുമായ ഇന്റർനെറ്റ് പ്രദാനം ചെയ്യാൻ കെ-ഫോൺ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ ഭാഗമായി, കെ-ഫോൺ കണക്ഷൻ ലഭ്യമായ ഓഫീസുകൾ ആയത് പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കുന്നതിനുള്ള നിർദേശം പരാമർശത്തിലെ പരിപത്രങ്ങൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ, കെ-ഫോൺ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് അടയ്ക്കേണ്ട ബിൽ പ്രകാരമുള്ള തുക ഒടുക്കാൻ എല്ലാ സർക്കാർ ഓഫീസുകൾക്കും നിർദേശം നൽകണമെന്ന് പരാമർശം (2) പ്രകാരം ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാരോടും അഭ്യർത്ഥിക്കുകയുണ്ടായി.

2) എന്നാൽ, കെ-ഫോൺ കണക്ഷൻ ലഭ്യമായ ചില സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ കണക്ഷൻ പ്രയോജനപ്പെടുത്താത്തതും ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ തുക അടയ്ക്കാത്തതുമായ സാഹചര്യം കെ-ഫോൺ മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, കെ-ഫോൺ പ്രാഥമിക കണക്ഷനായി ഉപയോഗിക്കുന്നതിനും ബിൽ തുക ഒടുക്കുന്നതിനും ആവശ്യമായ നിർദേശം പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം കെ-ഫോൺ മാനേജിങ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:-

i) കെ-ഫോൺ കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ, തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം, അടിയന്തിരമായി കെ-ഫോൺ കണക്ഷൻ പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കേണ്ടതും ഇതര കണക്ഷനുകൾ വിച്ഛേദിക്കേണ്ടതുമാണ്. കെ-ഫോണിന് പുറമേ മറ്റ് ഇന്റർനെറ്റ് കണക്ഷനുകൾ അനിവാര്യമായ ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പിന് കൈമാറേണ്ടതും ഇതര

കണക്ഷൻ ഉപയോഗിക്കുന്നതിന് അനുമതി നേടേണ്ടതുമാണ്.

(ii) ഇന്റർനെറ്റ് ഉപയോഗിച്ചതിന് കെ-ഫോൺ ലിമിറ്റഡ് ലഭ്യമാക്കുന്ന ബിൽ പ്രകാരമുള്ള തുക എല്ലാ സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങളും നിർബന്ധമായും ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും.
മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 03-04-2024 16:46:00
സെക്ഷൻ ഓഫീസർ